HLM-0055

The Heavenly Light Ministry

വന്ദനം യേശുപാരാ ! നിനക്കെന്നും വന്ദനം യേശുപാരാ
വന്ദനം ചെയ്യുന്നു നിന്നടിയാർ തിരു നാമത്തിന്നാദരവായ്
ഇന്നുനിൻ സന്നിധിയിൽ അടിയാർക്കു വന്നുചേരുവതിനായ്
തന്നനിന്നുന്നതമാം കൃപയ്ക്കഭി വന്ദനം ചെയ്തിടുന്നേ... വന്ദനം
നിൻ രുധിരമതിനാൽ പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാവിൻ
സന്നിധൌ വന്നിടാമെ സതതം വന്ദനം
ഇത്ര മഹത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ലാ നിന്റെ കൃപ എത്ര വിചിത്രമഹോ... വന്ദനം
നീയൊഴികെ ഞങ്ങൾക്കു സുരലോകെ ആരുള്ളു ജീവനാഥാ
നീയൊഴികെ ഇഹത്തിൽ
മററാരുമില്ലാഗ്രഹിപ്പാൻ പരനെ വന്ദനം